"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിവിധ കുടിവെള്ള പദ്ധതികൾക്കായി 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാൻറ് (സി എഫ് സി) ടൈഡ് ഫണ്ട് ഉപയോഗിച്ച് വേളം ഗ്രാമപഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത് തിരികെ ലഭിച്ച 23 ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കായി വിനിയോഗിക്കുന്നതിനു അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1501/2024/LSGD തീയതി,തിരുവനന്തപുരം, 12-08-2024

---

പരാമർശം:-

1. വേളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.06.2023-ലെ തീരുമാനം നമ്പർ 1 (2)
2. 22.01.2024-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.26 (SRG/1205/23 -CC/418/23)

**ഉത്തരവ്**

വിവിധ കുടിവെള്ള പദ്ധതികൾക്കായി 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, കേന്ദ്ര ധനകാര്യ കമ്മീഷൻ (സി എഫ് സി) ടൈഡ് ഫണ്ട് ഉപയോഗിച്ച് വേളം ഗ്രാമപഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയിൽ 23 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ ജലജീവൻ മിഷൻ പദ്ധതി നിലവിൽ വന്നതിനാൽ ഡെപ്പോസിറ്റ് ചെയ്ത 23 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റി പഞ്ചായത്തിന് തിരികെ നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ച 23 ലക്ഷം രൂപ വിനിയോഗിക്കുന്നതിനു അനുമതി നൽകണമെന്ന വേളം ഗ്രാമപഞ്ചായത്തിന്റെ പരാമർശം (1) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉള്ള അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ സമിതി പരിഗണിച്ചിരുന്നു. വേളം ഗ്രാമപഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത് തിരികെ ലഭിച്ച തുക (23 ലക്ഷം രൂപ) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കായി വിനിയോഗിക്കുന്നതിനു അനുമതി നൽകുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ സമിതി പരാമർശം (2) പ്രകാരം തീരുമാനിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. വിവിധ കുടിവെള്ള പദ്ധതികൾക്കായി 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാൻറ് (സി എഫ് സി) ടൈഡ് ഫണ്ട് ഉപയോഗിച്ച് വേളം ഗ്രാമപഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയിൽ

ഡെപ്പോസിറ്റ് ചെയ്ത് തിരികെ ലഭിച്ച 23 ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കായി വിനിയോഗിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിലൻ എലിസബേത്ത് ജോർജ്

അണ്ടർ സെക്രട്ടറി

പ്രസിഡന്റ് / സെക്രട്ടറി, വേളം ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Manish V V

Date: 12-08-2024 14:35:58

സെക്ഷൻ ഓഫീസർ